"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആകുവ - ആശാ വർക്കർമാർക്ക് ഹോണറേറിയം തുക പൂർണമായും ലഭിക്കുന്നതിന് പെർഫോമൻസ് ഇൻസെന്റീവിൽ നിശ്ചയിച്ചിരുന്ന മാനദണ്ഡത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്**

സ.ഉ.(സാധാ) നം.2156/2026/H&FWD തീയതി,തിരുവനന്തപുരം, 29-06-2026

---

പരാമർശം:-
1. 02.03.2022 ലെ സ.ഉ.(സാധാ) നം.483/2023/H&FWD
2. 12.03.2025 ലെ സ.ഉ.(സാധാ) നം 736/2025/H&FWD
3. നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയക്ടറുടെ 14.08.2025 ലെ NRHMI776/CSD/2014/SPMSU നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ ജോലി ചെയ്യുന്ന ആശ വർക്കർമാർമാർക്കായുള്ള ആശാ പദ്ധതി മാർഗ്ഗരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ നിന്നും ആശാവർക്കർമാർക്ക് നൽകി വരുന്ന ഹോണറേറിയം അനുവദിക്കുന്നതിനുള്ള നിശ്ചയിച്ചിരുന്ന മാനദണ്ഡങ്ങൾ ഒഴിവാക്കിയും നിശ്ചിത ഇൻസെന്റീവ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തിയും ഉത്തരവായിട്ടുണ്ട് . പ്രസ്തുത ഉത്തരവിൽ

*1. ഫിക്സഡ് ഇൻസെൻറീവ് 2000/- രൂപയും പെർഫോമൻസ് ഇൻസെൻറീവ് 500/-*

*രൂപയും (ആകെ 2500/- രൂപ) ലഭിക്കുന്നവർക്ക് 7000/- രൂപ ഹോണറേറിയവും*

*2.ഫിക്സഡ് ഇൻസെൻറീവ് 1000/- രൂപ ലഭിക്കുന്നവർക്ക് 3500/- രൂപ*

*ഹോണറേറിയവും*

എന്ന് വ്യക്തമാക്കിയിരുന്നു.

2) 2025 ഏപ്രിൽ മുതൽ പ്രസ്തുത രീതിയിൽ ഹോണറേറിയം നൽകിവരുന്നുവെന്ന വിവരം പരാമർശം (3) ലെ കത്ത് പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ടി ഉത്തരവ് പ്രകാരം ഹോണറേറിയം തുക പൂർണമായും ലഭിക്കാൻ 500/- രൂപയെങ്കിലും

പെർഫോമൻസ് ഇൻസെൻറീവ് ലഭിക്കേണ്ടതുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തനത്തിലെ പോരായ്മ കൊണ്ടല്ലാതെ ആശമാർ ജോലി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത കൊണ്ട് (ഗർഭിണികൾ/കുട്ടികൾ ഇല്ലാതെ ഇരിക്കുക/ വളരെ കുറവ് ആയിരിക്കുക) ഈ 500/- രൂപ ലഭിക്കാത്ത ആശമാർക്ക് 7000/- രൂപ ഹോണറേറിയം ലഭിക്കാത്ത അവസ്ഥ നിലവിലുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ സാഹചര്യങ്ങളിൽ സാമ്പത്തിക വർഷത്തിന്റ ആദ്യത്തിൽ ആശമാർക്ക് ഇക്കാര്യത്തിൽ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ ഹോണറേറിയം പൂർണമായും ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ശിപാർശ ചെയ്തിട്ടുമുണ്ട്. കൂടാതെ ആശാവർക്കർമാരുടെ സംയുക്ത ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലും ഇക്കാര്യം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ആശാ വർക്കർമാർക്ക് ഹോണറേറിയം തുക പൂർണമായും ലഭിക്കുന്നതിന്, ഒരു ആശ ജോലി ചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത (ഗർഭിണികൾ/കുട്ടികൾ ഇല്ലാതെ ഇരിക്കുക/ വളരെ കുറവ് ആയിരിക്കുക) കൊണ്ട് പെർഫോമൻസ് ഇൻസെന്റീവ് ആയ 500/- രൂപ ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ ആയത് വ്യക്തമാക്കിക്കൊണ്ട് സാമ്പത്തിക വർഷത്തിന്റ തുടക്കത്തിൽ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ അനുവദിക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ആശാ വർക്കർമാർക്ക് ഹോണറേറിയം പൂർണമായും നൽകുന്നതിന് അനുതി നൽകി ഉത്തരവാകുന്നു.

4. പരാമർശം (2)-ലെ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപാ സുരേന്ദ്രൻ
അഡിഷണൽ സെക്രട്ടറി

സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
ധനകാര്യ വകുപ്പ്.
തദ്ദേശ സ്വയം ഭരണ വകുപ്പ് .
സ്റ്റോക്ക് ഫയർ/ ഓഫീസ് കോപ്പി (FW1/157/2022-HEALTH)

ഉത്തരവിൻ പ്രകാരം,

**Signed by Deepu Bhaskar**
**Date: 01-07-2026 14:05:37**

സെക്ഷൻ ഓഫീസർ